**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **16-03-2022 - ൽ മറുപടിയ്ക്ക്**

**കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ രണ്ടു റാങ്ക് പട്ടികയിലും (കാറ്റഗറി 399/2017,400/2017) ഒരേ പരീക്ഷയും കട്ട് ഓഫ് മാർക്കും ആയതിനാൽ രണ്ട് പട്ടികയിലും ഒരേ ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റാങ്ക് പട്ടികകളിൽ ഒരേ ഉദ്യോഗാർഥികൾ ഉൾപ്പട്ടിരിക്കുന്ന- തിനാൽ കാറ്റഗറി നമ്പർ 399/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ, കാറ്റഗറി നമ്പർ 400/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്ന് നിയമന ശിപാർശ ലഭിക്കുമ്പോൾ, ജോലിയിൽ പ്രവേശിക്കാത്തതു കാരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന എൻ. ജെ. ഡി ഊഴങ്ങളിൽ നിയമന ശിപാർശ നൽകിവരുന്നു. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/NJD ഒഴിവുകളും യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി നൽകുന്നുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റാങ്ക് പട്ടികകളിൽ ഒരേ ഉദ്യോഗാർഥികൾ ഉൾപ്പട്ടിരിക്കുന്ന- തിനാൽ കാറ്റഗറി നമ്പർ 399/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ, കാറ്റഗറി നമ്പർ 400/2017 പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്ന് നിയമന ശിപാർശ ലഭിക്കുമ്പോൾ, ജോലിയിൽ പ്രവേശിക്കാത്തതു കാരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന എൻ. ജെ. ഡി ഊഴങ്ങളിൽ നിയമന ശിപാർശ നൽകിവരുന്നു. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളും/NJD ഒഴിവുകളും യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും |

| | | | |
|---|---|---|---|
| | | | നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ നിയമന ശിപാർശ പി.എസ്.സി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ